**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2098** **13.06.2019-ൽ മറുപടിക്ക്**

**ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി വികസനം**

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 15.12.2018-ന് 3699/2018/എച്ച് &എഫ്ഡബ്ല്യുഡി ഉത്തരവ് പ്രകാരം അൻപത്തിനാല് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള കൊച്ചി കരുവേലിപ്പടിയിലെ ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; | (എ), (ബി), & (സി) | പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി, കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസി.പി.വി) ആയി നിയോഗിച്ച് 15.12.2018-ലെ 3699/2018/ആ.കു.വ ഉത്തരവ് പ്രകാരം ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അൻപത്തിനാല് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് 25/02/2019-ന് കിഫ്ബിയിൽ വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) സമർപ്പിച്ചു. ഇതിന്മേൽ പ്രാഥമിക അവലോകന റിപ്പോർട്ട് 09/05/2019-ൽ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ചശേഷം ധനാനുമതിക്കുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; | | |
| (സി) | ഇല്ലെങ്കിൽ കിഫ്ബിയുടെ അംഗീകാരം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**